**കണ്ണൂർ സർവ്വകലാശാല**

**(ഡി ഒ എ )**

ഡി ഒ എ /A1/154/2025 തീയതി: 17.06.2025

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>നീലേശ്വരം ക്യാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് ആൻഡ് ബിസിനസ് സ്റ്റഡീസിലെ എം.കോം പ്രോഗ്രാമിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു</u>**

2025-26 അധ്യയന വർഷത്തിൽ, നീലേശ്വരം ഡോ. പി.കെ രാജൻ മെമ്മോറിയൽ ക്യാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ ലാറ്ററൽ എൻട്രി ആയി എം.കോം പ്രോഗ്രാമിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

കണ്ണൂർ സർവകലാശാല അംഗീകരിച്ച ബി.കോം/ബി.ബി.എ ബിരുദമാണ് പ്രവേശന യോഗ്യത. എം.കോം പ്രോഗ്രാമിന്റെ പരമാവധി സീറ്റുകൾ 16.

പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റി വെബ്സൈറ്റ് (**www.admission.kannuruniversity.ac.in**) മുഖേന ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്.

പ്രസ്തുത പ്രോഗ്രാമിന്റെ പ്രവേശനത്തിന്റെ മറ്റ് വ്യവസ്ഥകൾ, 2025-26 അധ്യയന വർഷത്തിൽ പഠന വകുപ്പുകളിലെ വിവിധ പി.ജി പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി ഇറക്കിയിട്ടുള്ള പ്രോസ്പെക്ടസ് അടിസ്ഥാനമാക്കിയും, പ്രോഗ്രാമിന്റെ റെഗുലേഷൻ പ്രകാരവുമായിരിക്കും.

ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് എസ്.സി./എസ്.ടി/PwBD വിഭാഗങ്ങൾക്ക് 300/- രൂപയും മറ്റ് വിഭാഗങ്ങൾക്ക് 600/- രൂപയുമാണ്.

**SBI e-pay വഴി** ഓൺലൈനായാണ് രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടത്. ഡി.ഡി., ചെക്ക്, ചലാൻ തുടങ്ങിയവ സ്വീകരിക്കുന്നതല്ല.

**<u>ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും ഓൺലൈൻ പേയ്മെന്റിന്റെ പ്രിന്റ് ഔട്ടും സൂക്ഷിക്കേണ്ടതും അഡ്മിഷൻ സമയത്ത് അതാത് പഠന വകുപ്പുകളിലേക്ക് സമർപ്പിക്കേണ്ടതുമാണ്.</u>**

വെയ്റ്റേജ്/ സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ സമയത്ത് പ്രസ്തുത രേഖകൾ ഹാജരാക്കിയാലും മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

അപേക്ഷികൾ സ്വീകരിക്കുന്ന അവസാന തിയ്യതി: **23.06.2025**

സംശയങ്ങൾക്ക് ഫോൺ /ഇ-മെയിൽ മുഖാന്തരം മാത്രം ബന്ധപ്പെടുക.

ഹെൽപ്പ് ലൈൻ നമ്പർ :+914954262995 ,7356948230

E -mail id:  deptdoa@kannuruniv.ac.in

ഒപ്പ്/-
ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
പരീക്ഷ കൺട്രോളർക്ക് വേണ്ടി

സ്വീകർത്താവ്:

1.പി.ആർ.ഒ (പത്രങ്ങളിലും തൊഴിൽ വാർത്ത, തൊഴിൽ വീഥി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനായി)
2.വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3.അന്വേഷണ വിഭാഗം
4. ഐ.ടി സെന്റർ

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ